# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.197/2025** **തിരുവനന്തപുരം, തീയതി: 04.09.2025**

# പത്രക്കുറിപ്പ്

## എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ കേരള സർവ്വകലാശാല സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിൽ രാജ്യത്ത് അഞ്ചാമത്.

**2025** നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (**N I R F )** മൂല്യ നിർണ്ണയത്തിൽ കേരള സർവ്വകലാശല രാജ്യത്തെ സ്റ്റേറ്റ് പബ്ലിക് യൂനിവേഴ്സിറ്റികളിൽ അഞ്ചാം സ്ഥാനം കരസ്ഥമാക്കി. രാജ്യത്തെ സർവ്വകലാശാലകളിൽ കേരള സർവകലാശാലയ്ക്ക് **25** സ്ഥാനവും രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേരള സർവ്വകലാശാല **42** മത് സ്ഥാനവും കരസ്ഥമാക്കി.

അക്കാദമികമികവും ഭൗതികസാഹചര്യത്തിന്റെ തികവും ഭരണ നിർവ്വഹണപ്രഗല്ഭ്യവും നിർണ്ണയിക്കുന്ന വിവിധമാനദണ്ഡങ്ങൾ പരിശോധിക്കപ്പെട്ടു.

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, അടിസ്ഥാനപഠന സൗകര്യങ്ങൾ, അദ്ധ്യപകരുടെ ഗുണനിലവാരവും അനുഭവപരിചയവും ഗവേഷണ താല്പര്യവും, പഠന ഗവേഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനായി ചെലവഴിച്ച ഫണ്ടിന്റെ വിനിയോഗം, പ്രസിദ്ധീകരണങ്ങൾ, പേറ്റന്റുകൾ, സമയബന്ധിതമായുള്ള പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും, ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നുമുള്ള വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും സാന്നിധ്യം,സ്ത്രീസൗഹൃദ പഠനാന്തരീക്ഷം, ഭിന്നശേഷിസൗഹൃദത്തിലൂന്നിയ അടിസ്ഥാന സൗകര്യങ്ങളും സമീപനവും എന്നീ മേഖലകളിൽ സർവ്വകലാശാലയുടെ ഉയർന്നനിലവാരം പരിഗണിക്കപ്പെട്ടു. **14200** ഓളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പങ്കെടുത്ത എൻ ഐ ആർ എഫ് റാങ്കിംഗ് പ്രക്രിയയുടെ പത്താമത്തെ എഡിഷൻ **2025** സെപ്റ്റംബർ മാസം നാലാം തീയതി **11** മണിക്കാണ് പ്രഖ്യാപിച്ചത്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**